2025

AUGUST

# തിരനോട്ടം

TSNMHS KUNDURKUNNU

MONTHLY SCHOOL NEWS PAPER

## ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 6/08/2025 ബുധനാഴ്ച ഹിരോഷിമ ദിനം ആചരിച്ചു. രാവിലെ 9.50 ന 9ബി യിലെ ആകർഷ ഹിരോഷിമ ദിനം ആചരിക്കു ന്നതിന്റെ കാരണങ്ങളും ദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്കായി വിശദീകരിച്ചു. തുടർന്ന് 9B യിലെ മേഘ്ന യുദ്ധവിരുദ്ധ പ്രതിജ്ഞ വായിക്കുകയും എല്ലാ കുട്ടികളും അതേറ്റുചൊല്ലുകയും ചെയ്തു. ഉച്ചയ്ക്ക് 1.30 ന കുട്ടികൾ യുദ്ധവിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കി അവതരിപ്പിച്ചു.ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്സുകളിൽ,ഹിരോഷിമ ദിനത്തോടനുബന്ധിച്ച് കുട്ടികൾ യുദ്ധത്തിനെതിരായി വാൾ മാഗസിൻ തയ്യാറാക്കി



## പരിശീലന പരിപാടികൾ ആരംഭിച്ചു

#8ലെ കുട്ടികൾക്കുള്ള സമഗ്രഗുണമേന്മ, NMMS പരിശീലനങ്ങളാരംഭിച്ചു.
#മണ്ണാർക്കാട് MESHS-ൽ വച്ചു നടന്ന കൗമാരവിദ്യാഭ്യാസപദ്ധതിയുടെ ദ്വിദിനപരിശീലനത്തിൽ അനിഷടീച്ചർ പങ്കെടുത്തു.
#ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സുബ്രതോ മുഖർജി ഫുട്ബോൾ കപ്പ് മത്സരത്തിന്റെ പരിശീലനം നൽകി.

## സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വളരെ വിപുലമായ പരിപാടികളോടുകൂടി സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. സ്വാതന്ത്ര്യ ദിന ക്വിസ്, ദേശഭക്തിഗാനമത്സരം, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിച്ചു. ക്വിസ്സിൽ 8D യിലെ ഗൗതം കൃഷ്ണ ഒന്നാം സ്ഥാനവും 10.E യിലെ അശ്വിൻ കൃഷ്ണ രണ്ടാം സ്ഥാനവും നേടി.സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് English Club പ്രസംഗ മത്സരം നടത്തി.പ്രസംഗ മത്സരത്തിൽ സാരംഗി, അർച്ചന, അനാമിക, ആകർഷ എന്നിവർ ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. അവർക്കുള്ള സമ്മാനവിതരണവും നടന്നു.പതാക ഉയർത്തിയ ശേഷം ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ ആയ പ്രശാന്ത് മാഷ് കുട്ടികൾക്ക് സ്വാതന്ത്ര്യദിന സന്ദേശം നൽകി. തുടർന്നു മധുര വിതരണം നടത്തി.ശേഷം കുട്ടികൾക്കായി short film പ്രദർശനം ഉണ്ടായിരുന്നു..സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായി BPCL സ്കൗട്ട്-ഗൈഡ് വിദ്യാർത്ഥികൾക്കായി ചിത്രരചനാമത്സരം നടത്തി.



## നേട്ടങ്ങൾ

### വിദ്യാരംഗം സെമിനാർ




# ഉപജില്ലാതല വിദ്യാരംഗം ഭാഷാസെമിനാറിൽ ആകർഷ മൂന്നാം സ്ഥാനം നേടി.

### ദേശീയശാസ്ത്രസെമിനാർ



ഉപജില്ലാതലത്തിലുള്ള ദേശീയശാസ്ത്രസെമിനാറിൽ മേഘ്ന രണ്ടാം സ്ഥാനം നേടി, ഉറുദു ക്വിസ്സിൽ കുട്ടികൾ പങ്കെടുത്തു.

#പാലക്കാട് ജില്ലാതല



അദ്ധ്യാപകകലോത്സവത്തിൽ ചെർപ്പുളശ്ശേരി ഉപജില്ലയെ പ്രതിനിധാനം ചെയ്ത സുധീർ മാഷ് സംഘഗാനത്തിലും ,രവീന്ദ്രൻ മാസ്റ്റർ കവിയരങ്ങിലും ഒന്നാം സ്ഥാനം നേടി.

#വിമുക്തി' ക്വിസ്സിൽ ഗൗതം കൃഷ്ണയും അശ്വിൻ കൃഷ്ണയും പങ്കെടുത്തു.

## PTA GENERALBODY MEETING

കുട്ടികളുടെ പഠനസമയം ഒട്ടും നഷ്ടപ്പെടുത്താതെ 09.08.2025 രണ്ടാം ശനിയാഴ്ച PTA General body ചേരുകയും പുതിയ ഭരണസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു.
.

## ലൈബ്രറിപുസ്തകങ്ങൾ ലഭിച്ചു

#ഒറ്റപ്പാലം MLA യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നു ലൈബ്രറിയിലേയ്ക്ക് 54 പുസ്തകങ്ങൾ ലഭിച്ചു.
#ശ്രീകൃഷ്ണപുരം ലൈബ്രറി സ്വീറ്റ് കുറച്ചു പുസ്തകങ്ങൾ ലൈബ്രറിയിലേയ്ക്കു നൽകി.

## പരീക്ഷ നടത്തി

മഴയുടെ മുൻകരുതലായി ജില്ലാ കലക്റ്റർ അവധി പ്രഖ്യാപിച്ച ദിവസം നടക്കേണ്ടിയിരുന്ന പരീക്ഷയ്ക്കു ചോദ്യക്കടലാസുകളുടെ സോഫ്റ്റ് കോപ്പിയേ സർക്കാർ തന്നുള്ളൂ എന്നതിനാൽ മണ്ണാർക്കാട് അൻസാരി പ്രസ്സിൽനിന്നു പ്രിന്റെടുപ്പിച്ചു പരീക്ഷ നടത്തി.

## ഓണാഘോഷം



ഓണാഘോഷത്തിന്റെ ഭാഗമായി പൂക്കള മത്സരം ,വടംവലി, സുന്ദരിക്ക് പൊട്ടു കുത്തൽ, കുപ്പിയിൽ വെള്ളം നിറക്കൽ തുടങ്ങിയ വിവിധമത്സരങ്ങൾ നടത്തി,ഓണാഘോഷത്തിന്റെ മാറ്റുകൂട്ടാൻ ചെണ്ടയുടെ അകമ്പടിയോടെ മാവേലി തമ്പുരാനും എഴുന്നള്ളി.തുടർന്ന് പാല്പായസവിതരണമുണ്ടായി.

## ചങ്ങാതിക്കൂട്ടം

ചങ്ങാതിക്കൂട്ടത്തിന്റെ ഭാഗമായി TSNMHS kundurkkunnu സ്കൂളിലെ 8 ാം ക്ലാസ് വിദ്യാർത്ഥിനിയായ നിദ ഫാത്തിമയുടെ വീട്ടിൽ ഓണാഘോഷത്തിനായി അധ്യാപകരും കൂട്ടുകാരും എത്തിച്ചേർന്നു. HM രവീന്ദ്രൻ മാസ്റ്റർ , ക്ലാസ് അധ്യാപിക അഖില ടീച്ചർ , മറ്റ് അധ്യാപകർ , സഹപാഠികൾ എന്നിവരും ആഘോഷത്തിൽ പങ്കെടുത്തു. ഓണക്കോടി , ഓണക്കിറ്റ് , പായസം എന്നിവ കൈമാറി സന്തോഷം പങ്കുവെച്ചു.



## സ്കൂളിൽ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം

കുണ്ടൂർകുന്ന് : വിദ്യാർത്ഥികളുടെ വിവിധ പരിപാടികളും സ്കൂൾ പ്രഖ്യാപനങ്ങളും കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനായി ഹൈ സ്കൂളിൽ പുതിയ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിച്ചു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആവശ്യങ്ങൾ പരിഗണിച്ചാണ് ഈ സൗകര്യം ഒരുക്കിയത്.

പാഠ്യപ്രവർത്തനങ്ങൾക്കു പുറമേ പ്രത്യേക അവസരങ്ങളിലും പരിപാടികളിലും ശബ്ദ സംവിധാനം ഉപകാരപ്രദമാകും.HM രവീന്ദ്രൻ മാസ്റ്റർ ആണ് ഉദ്ഘാടനം നടത്തിയത്.

PREPARED BY
TEAM LK&DOCUMENTATION
TSNMHSS KUNDURKUNNU